**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3566** **12-03-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം സർക്കാർ വനിതാ കോളേജ് കെട്ടിട നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ഗവൺമെന്റ് വനിതാ ആർട്സ് & സയൻസ് കോളേജിനായുള്ള കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 18.61 കോടി രൂപയുടെ പുതുക്കിയ ധനാനുമതി ലഭിച്ചെങ്കിലും നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **മലപ്പുറം സർക്കാർ വനിതാ കോളേജിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള പദ്ധതി നിർവ്വഹണ ഏജൻസി KITCO ആണ്. കെട്ടിട നിർമ്മാണത്തിനായി തയ്യാറാക്കിയ പദ്ധതി രൂപരേഖ ഗൃഹ' (GRIHA) മാനദണ്ഡപ്രകാരം പുതുക്കേണ്ടി വന്നതും, പുതുക്കിയ പ്ലാനിനും മറ്റ് അനുബന്ധ രേഖകൾക്കും (PED രേഖകൾ) കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നതിന് കൂടുതൽ സമയം വേണ്ടി വന്നതും ടെൻഡർ നടപടികൾ വൈകാനിടയാക്കി. ആയതിനാലാണ് നിർമ്മാണം നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്തത്.** |
| (ബി) | പദ്ധതിയുടെ സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | പദ്ധതിയുടെ സാങ്കേതിക നടപടിക്രമങ്ങളും ടെൻഡർ നടപടികളും പൂർത്തീകരിക്കുകയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റിവ് സൊസൈറ്റിക്ക് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം ഉണ്ടായതിനാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് നിർമ്മാണം നടത്തുന്നതിന് അസൗകര്യമുണ്ടെന്നും ആയതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കി നൽകണമെന്നും ആവശ്യപ്പെട്ട് പദ്ധതി നിർവ്വഹണ ഏജൻസി ആയ KITCO യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. പദ്ധതി ഏറ്റെടുക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി തയ്യാറാകാത്ത സാഹചര്യത്തിൽ റീടെൻഡർ നടപടികൾ നടത്തുന്നതിനാണ് KITCO തീരുമാനിച്ചിട്ടുള്ളത്. റീടെൻഡർ നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | സാങ്കേതിക തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയതു എത്രയും വേഗം പരിഹരിച്ച് കെട്ടിട നിർമ്മാണ | (സി) | പദ്ധതിയുടെ സാങ്കേതിക നടപടിക്രമങ്ങളും ടെൻഡർ നടപടികളും പൂർത്തീകരിക്കുകയും ഊരാളുങ്കൽ ലേബർ |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | | കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം ഉണ്ടായതിനാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് നിർമ്മാണം നടത്തുന്നതിന് അസൗകര്യമുണ്ടെന്നും ആയതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കി നൽകണമെന്നും ആവശ്യപ്പെട്ട് പദ്ധതി നിർവ്വഹണ ഏജൻസി ആയ KITCO യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. പദ്ധതി ഏറ്റെടുക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി തയ്യാറാകാത്ത സാഹചര്യത്തിൽ റീടെൻഡർ നടപടികൾ നടത്തുന്നതിനാണ് KITCO തീരുമാനിച്ചിട്ടുള്ളത്. റീടെൻഡർ നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ